# തൃക്കുന്നത്തു സെമിനാരി ആത്മിക – ധാർമ്മിക പ്രശ്നങ്ങൾ

മൽഫോനൊ ദ്മർദൂത്തൊ ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
**(ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ 944623002)**

**ആമുഖം**

ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ പ്രാരംഭം മലങ്ക ര സഭയിലെ ഇപ്പോഴത്തെ കക്ഷി വഴക്കിനു വളരെ മുമ്പാണ്. പ. പത്രോസ് തൃതീയൻ ബാവാ മെത്രാനായി വാഴിച്ച അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത (അങ്കമാലി) യാണ് സ്ഥാപകൻ. പിന്നീട് കടവിൽ പൗലോസ് മോർ അത്താനാസിയോസിന്റെ കീഴിൽ കൊച്ചു പൗലോസ് റമ്പാൻ എന്ന് അറിയപ്പെട്ടിരുന്ന പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത-റമ്പാനായിരുന്ന കാലം മുതൽ അങ്കമാലി ഭദ്രാസനത്തിലെ ജനങ്ങളിൽ നിന്നും പള്ളികളിൽ നിന്നും പണപിരിവും നെല്ലുപിരിവും ഒക്കെ നടത്തി പടുത്തുയർത്തിയതാ ണ് ആലുവാ തൃക്കുന്നത്തു സെമിനാരിയും ചാപ്പലും എല്ലാം. അങ്കമാലി ഭദ്രാസനത്തിനു പുറത്തുനിന്നും ധനശേഖരണം ഒന്നും തന്നെ നടത്തിയിട്ടില്ല. പണപ്പിരിവിന്റെ വിശദാംശങ്ങൾ അക്കാലങ്ങളിൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായിരുന്ന മലങ്കര ഇടവക പത്രികയിൽ അച്ചടിച്ചു വന്നിട്ടുള്ളത് മുമ്പൊരിക്കൽ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനമായി ലക്ഷ്യം വച്ചാണ് ഈ 161/2 ഏക്കർ വസ്തുവും സ്വത്തും ആലുവാ പട്ടണത്തിൽ പണിതുയർത്തിയത്. കോട്ടയം പഴയസെമിനാരിക്കു തുല്യമായി വടക്കൻ പ്രദേശത്തെ വൈദിക സെമിനാരിയും വലിയ മെത്രാപ്പോലീത്തൻ ആസ്ഥാനവും ആയി ഈ കേന്ദ്രം പ്രശോഭിച്ചിരുന്നു. 1958 ലെ സഭാ സമാധാന കാലത്തും തുടർന്ന് വൈലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്യുന്നതുവരെയും ഈ നിലയ്ക്കു യാതൊരു മാറ്റവും വന്നിട്ടില്ല. അതിന്റെ ആധാരവും സ്ഥാപനോദ്ദേശവും അവിടെ താമസിച്ചിരുന്ന പിതാക്കന്മാരുടെ വിശ്വാസ പാരമ്പര്യവും എല്ലാം പ. അന്ത്യോഖ്യാ പാത്രിയർക്കീസന്മാരോടുള്ള വിധേയത്വത്തിൽ തന്നെ ആയിരുന്നു. സഭ എന്നാൽ വിശ്വാസികൾ ആണെന്ന ബോദ്ധ്യം ഉണ്ടായിരുന്ന സ്ഥാപകപിതാക്കന്മാർ സെമിനാരിയുടെ ചുറ്റും വിശ്വാസികളെ സ്വന്തം ഭവനങ്ങൾ പണിയിച്ച് താമസിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുത്തിരുന്നു. ഉവർക്ക് ശവസംസ്കാരം ഉൾപ്പെടെയുള്ള ആരാധനാ സൗകര്യവും നൽകിയാണ് പിതാക്കന്മാർ ജനത്തെ സ്നേഹിച്ചതും സേവിച്ചതും. അവർ ആ പരിശുദ്ധ പിതാക്കന്മാരെ സ്വന്തം പൈതൃക ഭാഗമായിത്തന്നെ കരുതി ആദരിച്ചിരുന്നു. അവരുടെ മരണശേഷവും അവർ ആ സ്നേഹകരുതലോടെ അവരെയും അവരുടെ കബറിടവും കണ്ടിരുന്നു. സഭ സമൂഹത്തിന്റെ ഭാഗമാണ് എന്ന കരുതലിൽ അനേകം പൊതുസ്ഥാപനങ്ങളും ഈ സെമിനാരി പറമ്പിനു ചുറ്റുമായി വന്നു ചേരുവാനും പിതാക്കന്മാർക്ക് സന്തോഷമായിരുന്നു. വൈലിപ്പറമ്പിൽ തിരുമേനി ആകസ്മികമായി കാലം ചെയ്ത് അവിടെ അടക്കപ്പെടുന്നതുവരെ ഈ സുവർണ്ണകാലം സന്തോഷമായി തുടർന്നു.

**സഭാസമാധാനവും പുതിയ മെത്രാൻ വാഴ്ചയും**

1958 ലെ സമാധാന കല്പന കൈമാറലും 1964 ൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വന്ന് ഔഗേൻ പ്രഥമൻ ബാവായെ വാഴിക്കുന്നതും എല്ലാം സഭയുടെ ഒരു പുതുയുഗ പിറവിയായി സ്നേഹികൾ കണ്ടിരുന്നു. മലങ്കര സഭയുടെ ഉരുക്കു മനുഷ്യൻ എന്ന് പേരെടുത്തിരുന്ന വൈലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് തിരുമേനി ഈ സമാധാന പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകിയിരുന്നു. മറുപക്ഷം പ. പാത്രിയർക്കീസ് ബാവായെ സോപാധികം സ്വീകരിക്കുകയും ചെയ്തത് സമാധാന കാലഘട്ടത്തിലെ കല്ലുകടിയായി തുടർന്നിരുന്നുവെങ്കിലും ആ സമാധാന അടിത്തറ കുഴപ്പം കൂടാതെ സംരക്ഷിച്ച് 1964 ൽ പ. പാത്രിയർക്കീസ് ബാവാ കോട്ടയത്ത് വന്ന് ഔഗേൻ പ്രഥമൻ ബാവായെ കാതോലിക്കോസ് ആയി വാഴിച്ച് സമാധാനം സമ്പൂർണ്ണമാക്കി. അന്നത്തെ സമാധാന വ്യവസ്ഥ എന്തായിരുന്നു എന്ന് ഔഗേൻ ബാവാ സമർപ്പിച്ച വിശ്വാസ പ്രതിജ്ഞയിൽ വ്യക്തമാണ്.

"കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബലഹീനനും എളിയവനുമായ ഔഗേൻ മോർ തീമോത്തിയോസ് എന്ന ഞാൻ പ. മദ്ബഹായുടെ മുമ്പാകെയും ഈ സുന്നഹദോസിന്റെ മുമ്പാകെയും ഈ സുന്നഹദോസിന്റെ തലവനായ അന്ത്യോഖ്യായുടെയും പൗരസ്ത്യദേശം മുഴുവന്റെയും പാത്രിയർക്കീസായ നി. വി.ദി.മ.മ.ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയന്റെ മുമ്പാകെയും എന്റെ തലവൻ പാത്രിയർക്കീസാണെന്നും പ. ശ്ലീഹന്മാരുടെ തലവനായ മോർ പത്രോസ് മുതൽ വരെയുള്ള അങ്ങയുടെ സിംഹാസനത്തിൽ വാണിട്ടുള്ളവരും അങ്ങേയ്ക്കുശേഷം ഇനി വാഴുന്നവരുമായ എല്ലാ കാനോനിക പാത്രിയർക്കീസന്മാരെയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നും ഞാൻ വിശ്വസിച്ച് ഏറ്റുപറയുന്നു. അന്ത്യോഖ്യായുടെ പ. സിംഹാസനവും ആയുള്ള എന്റെ ബന്ധം ഒരിക്കൽ കൂടി ഞാൻ ഏറ്റുപറയുന്നു. ഈ സത്യപ്രതിജ്ഞയിൽ നിന്ന് ഒരുനാളും ഞാൻ വിട്ടുപോകുന്നതല്ലെന്ന് ഇതിനാൽ ദൈവ മുമ്പാകെ ഭക്തിപുരസരം ആണയിട്ടുപറയുന്നു."

1964 ലെ സഭാ സമാധാനത്തിന്റെ അടിസ്ഥാന വ്യവസ്ഥ ഇതായിരുന്നു. അന്ത്യോഖ്യാ പാത്രിയാർക്കേറ്റുമായുള്ള സു കൃത ബന്ധം ആണയിട്ടുറപ്പിച്ച കാതോലിക്കേറ്റിന്റെ കീഴിൽ മലങ്കര സഭ ഒന്നാകെ അണിനിരന്നു. അന്ന് തൃക്കുന്നത്ത് സെമിനാരിയും അതിന്റെ ഭാഗമായി ഭദ്രാസന കേന്ദ്രം ആയി സ്ഥിതിചെയ്തു. മോർ ഗ്രീഗോറിയോസ് എന്ന അമരക്കാരൻ സെമിനാരിയെ അങ്കമാലി ഭദ്രാസനത്തിന്റെ സ്വാശ്രയ കേന്ദ്രമായി വളർത്തി എടുത്ത് വൈദികരെയും വിശ്വാസികളെയും ഏകസ്വരത്തിൽ കൂട്ടിച്ചേർത്തു. അദ്ദേഹം 1966 ൽ കാലം ചെയ്തപ്പോൾ ഓഗസ്റ്റു മാസത്തിൽ കോലഞ്ചേരിയിൽ ഒരു മെത്രാൻ വാഴ്ച നടന്നു. അന്നു വാഴിക്കപ്പെട്ട മൂന്നുപേരിൽ ഫിലിപ്പോസ് മോർ തേയോഫിലോസ് മെത്രാപ്പോലീത്താ പകരം മെത്രാനായി തൃക്കുന്നത്തു സെമിനാരിയിൽ ചുമതലയേറ്റു. ആ വാഴ്ച നടന്നതുപോലും – മെത്രാൻ വാഴ്ചയ്ക്ക് കാനോനിക അധികാരം ഉള്ള കാതോലിക്കോസായിരുന്നിട്ടുപോലും അന്നത്തെ പാത്രിയർക്കീസ് ബാവായെ മുൻകൂട്ടി അറിയിച്ച് ശ്ലൈഹിക വാഴ്വുകൾ വരുത്തി സ്ഥാനാഭിഷേക ശുശ്രൂഷാമദ്ധ്യേ അതിപ്രാധാന്യത്തോടുകൂടി സീനിയർ സഹകാർമ്മികനെക്കൊണ്ട് വായിപ്പിച്ചായിരുന്നു. ആ കല്പനയിൽ പറയുന്ന ഒന്നു രണ്ടു വാക്യങ്ങൾ ഉദ്ധരിക്കട്ടെ,

"ഈ ഓഗസ്റ്റ് മാസം ഒന്നാം തിയതി എഴുതപ്പെട്ടതും നമ്മുടെ സഹോദരൻ ശ്രേഷ്ഠ കാതോലിക്കാ നമുക്ക്

അയച്ചുതന്നതുമായ എഴുത്തുകളും ഈ മാസം 24-ാം തിയതി ഉണ്ടാകുവാനിരിക്കുന്ന മൂന്നു മെത്രാപ്പോലീത്തന്മാരുടെ പട്ടാഭിഷേകത്തെക്കുറിച്ച് അറിയിച്ചിരിക്കുന്നു.... ഈ പട്ടാഭിഷേകം നിങ്ങളുടെ അടുക്കലുള്ള നമ്മുടെ സുറിയാനി സഭയുടെ വികസനത്തിന്റെ ലക്ഷണമാകുന്നു.... പ. റൂഹാ അവരുടെ മേൽ ആവസിച്ച് ശ്രേഷ്ഠമായ മെത്രാപ്പോലീത്താ സ്ഥാനത്തിന്റെ നൽവരം അവർക്കു ദാനം ചെയ്യുന്നതിനും....പരിശുദ്ധാത്മാവിന്റെ ആഹ്വാനത്തിലും അവരുടെ ശിരസിന്മേലുള്ള കൈ ആവസിപ്പിക്കലിലും....ആത്മികമായി നാം സംബന്ധിക്കുകയും ഓക്സിയോസ് എന്ന് ഉച്ചത്തിൽ പാടുകയും ചെയ്യുന്നു...നമ്മുടെ സന്തോഷത്തിന്റെ സൂചനയായി ഈ നമ്മുടെ സ്വീകരണം നൽകുകയും ശ്ലൈഹിക വാഴ്വുകളും ഹൃദ്യഭാവുകങ്ങളും സമ്മാനിക്കുകയും ചെയ്യുന്നു.''

പരിശുദ്ധ പാത്രിയർക്കീസ് ബാവാ ഇങ്ങനെ ഹൃദയപൂർവം ശ്ലൈഹിക സ്വീകരണവും നൽകിയതും സ്വീകരിച്ചാണ് ഒന്നായ സഭ മോർ തേയോഫിലോസ് മെത്രാപ്പോലീത്തായെ അങ്കമാലി ഭദ്രാസന ആസ്ഥാനത്തേക്കു സ്വീകരിച്ചത്. വലിയ തിരുമേനിയും വയലിപ്പറമ്പിൽ തിരുമേനിയും ഒക്കെ നടത്തിവന്ന പാതകളിൽ അദ്ദേഹവും ഭദ്രാസനത്തെ നയിക്കും എന്നായിരുന്നു വിശ്വാസികൾ പ്രതീക്ഷിച്ചത്. എന്നാൽ ജനങ്ങളിൽ നിന്നും എന്നും അകന്ന് ഉന്നത സ്ഥാനീയബന്ധങ്ങളും നിരന്തര വിദൂരയാത്രകളും ഒക്കെയായി കഴിഞ്ഞിരുന്ന ഈ തിരുമേനിക്ക് ജനഹൃദയങ്ങളിൽ സ്ഥാനം ലഭിച്ചില്ല. പക്ഷെ, അദ്ദേഹം പ. പാത്രിയർക്കീസ് ബാവായുമായി നല്ല ബന്ധം നിലനിർത്തി സംരക്ഷിച്ചുപോന്നിരുന്നു. വലിയ തിരുമേനിയുടെ കരുതലും വാത്സല്യവും 'മോനേ' എന്നുള്ള സംബോധനയും 'കഞ്ഞികുടിച്ചേ' പോകാവൂ എന്നും മറ്റുമുള്ള സ്നേ ഹ വചനങ്ങളും യാമപ്രാർത്ഥനകളും കുമ്പിടീലും ദൈവാലയത്തിൽ പോലും നിലത്തുമാത്രം ഇരിക്കുന്ന താപസ്യചര്യകളും ഒക്കെ ശീലിച്ച അങ്കമാലിയിലെ മക്കൾക്ക് സുറിയാനി പൈതൃകം അറിയാത്ത വിദേശികളുടെ മനസ്സിലാകാത്ത ഭാഷകളും അദ്ദേഹത്തിന്റെ അരുമകളായ വളർത്തുനായ്ക്കളുടെ അപരിചിതത്വവും കുരയും ഒക്കെ വലിയ അകൽച്ചയും ക്രമേ ണ വെറുപ്പും സൃഷ്ടിച്ചു. രാത്രികാലങ്ങളിൽ പോലും സ്വയം കാറോടിച്ചുനടന്ന 'പുതുയുഗ' മെത്രാച്ചന്റെ ശൈലിയും അപകടവും (ഒരിക്കൽ ഒരു മരണംപോലും ഉണ്ടായി എന്നാണ് കേഴ്‌വി) ഒക്കെ അവരെ വേദനിപ്പിച്ചെങ്കിലും അവർ വേദന കടിച്ചൊതുക്കി ജീവിച്ചു. 1972-ൽ പോലും ആലുവാ സെമിനാരിയിൽ ജനുവരി 25 നു വി. കുർബ്ബാന ചൊല്ലിയത് തേയോഫീലോസ് തിരുമേനിയും അമേരിക്കയിലെ മോർ അത്താനാസിയോസ് തിരുമേനിയും അന്നത്തെ പാത്രിയർക്കാ പ്രതിനിധി അപ്രേം ആബൂദി മെത്രാപ്പോലീത്തായും ചേർന്നായിരുന്നു. ഔഗേൻ ബാവാ ഈ രണ്ട് സുറിയാനി മെത്രാന്മാർക്ക് സന്ദർശനാനുമതിപോലും നിഷേധിച്ച കാലത്തും ആയിരുന്നു. ഇതു ഞാൻ ഇവിടെ എഴുതുന്നത് ഈ ആലുവാ സെമിനാരി ചാപ്പലിൽ സഭാഭിന്നതയുടെ പ്രാരംഭത്തിൽപോലും ഏതുവിധത്തിലായിരുന്നു എന്നു സൂചിപ്പിക്കുവാനാണ്. അങ്ങനെ നോക്കുമ്പോൾ 1973 വരെയും ആലുവാ സെമിനാരിയും ചാപ്പലും എല്ലാം പ. അന്ത്യോഖ്യാ ബന്ധത്തിന്റെ ഊഷ്മളത സംരക്ഷിച്ചുകൊണ്ടാണ്. ഈ പൈതൃക തത്ത്വം ഉപേക്ഷിക്കപ്പെട്ടപ്പോഴാണ് ആലുവായിൽ പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

## എന്താണ് ആലുവായിലെ പ്രതിസന്ധിക്കു കാരണം?

നാല് തലമുറകളുടെ പ്രാർത്ഥനാഗീതങ്ങളും ആരാധനാ പൈതൃകങ്ങളും നിറഞ്ഞു നിന്നിരുന്ന തൃക്കുന്നത്തു സെമിനാരിയും അവിടുത്തെ ആത്മിക പൈതൃകത്തിന്റെ നിറവായിരുന്ന അന്ത്യോഖ്യൻ പൈതൃകബന്ധവും തല്ലി വിഘടന സംഘം കടത്തിവിട്ടത് 1972 സെപ്റ്റംബർ 26 നു കോട്ടയത്ത് ഔഗേൻ കാതോലിക്കാ ബാവാ നടത്തിയ ഒരു പ്രസ്താവനയാണ്. അന്നത്തെ പ്രസ്താവന പ്രസിദ്ധീകരിച്ച ഒരു കോട്ടയം പത്രത്തിൽ വന്ന തലക്കെട്ടുകൾ മാത്രം അക്കമിട്ട് ഉദ്ധരിക്കട്ടെ.

1. മലങ്കര ഓർത്തഡോക്സ് സഭ സ്വതന്ത്ര സഭയാണ്.
2. പാത്രിയർക്കീസിന്റെ അധികാരം അംഗീകരിക്കുകയില്ല.
3. തോമാശ്ലീഹായുടെ സിംഹാസനത്തിലാണ് ആസനസ്ഥനായിരിക്കുന്നത്.
4. അന്ത്യോഖ്യൻ സഭയുമായി സൗഹൃദബന്ധം മാത്രമാണുള്ളത്.

ഇതേ തുടർന്ന് 1964 -70 വരെ ഉപയോഗിച്ചിട്ടില്ലാത്തവിധം മാർതോമാ സിംഹാസനാസനസ്ഥൻ എന്ന സ്വതന്ത്ര സഭാ സൂചകമായി കാതോലിക്കാ ബാവാ പള്ളികൾക്കു കല്പനകൾ അയച്ചു തുടങ്ങി. അതു പാടില്ലെന്ന് സഭാ വർക്കിംഗ് കമ്മറ്റിയും 27 മാനേജിംഗ് കമ്മറ്റിയംഗങ്ങളും തീരുമാനിച്ചിട്ടും ഔഗേൻ ബാവാ ധാർഷ്ട്യത്തോടെ 1964 ലെ സമാധാന അടിത്തറകളെ നിർഭയം നശിപ്പിച്ചുകളഞ്ഞു. അങ്കമാലി ഭദ്രാസന വൈദികയോഗം ഈ നീക്കത്തെ എതിർക്കുകയും അങ്കമാലി ഭദ്രാസനത്തിലെ പള്ളികൾ ഈ കല്പനകളിലെ തലക്കെട്ട് തള്ളിക്കളയുകയും ചെയ്തു. എന്നാൽ സഭാനേതൃത്വം വർദ്ധിത വീര്യത്തോടെ പ്രതിഷേധിച്ച മാനേജിംഗ് കമ്മറ്റിയംഗങ്ങളെ പുറത്തുനിർത്തി പോലീസ് സംരക്ഷണയിൽ യോഗം ചേരുകയും സഭാഭിന്നത ശാശ്വതമാക്കുകയും ചെയ്തു. 1964 - 70 വരെയുള്ള എല്ലാ സമാധാന വ്യവസ്ഥകളും തട്ടിമറിച്ച് അന്ത്യോഖ്യാ ബന്ധത്തെ അവമതിച്ച് പ്രസ്താവനകളും പ്രസംഗങ്ങളും വർദ്ധിപ്പിക്കുകയും സഭാ നേതൃത്വം തന്നെ വക്താക്കളാകുകയും ചെയ്തു. തുടർന്ന് സഭയെ വെട്ടിമുറിച്ച ഏതാനും നടപടികളും ഉണ്ടായി. സഭയിലെ ഇടവക പള്ളികളിന്മേൽ ഇടവകാംഗങ്ങളല്ല, കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമാണ് അധികാരികൾ എന്നും അവകാശവാദം തുടങ്ങി. ജനവികാരം അതിശക്തമായി ഈ നീക്കത്തിനെതിരെ ഉണ്ടായപ്പോഴും 1958 ലെ സുപ്രീം കോടതിയുടെ അനുകൂല വിധിയുടെ തലക്കനത്തിൽ സമാധാന വ്യവസ്ഥകളെ നിരങ്കുശം തള്ളിപ്പറഞ്ഞതുകൂടാതെ സമാധാന ആലോചനകളുമായി വന്ന അമേരിക്കൻ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസിന് സന്ദർശനാനുമതിപോലും നൽകാതെ തിരിച്ചയച്ചു. പ. പാത്രിയർക്കീസ് ബാവായുടെ ദൂതൻ കൂടിയായി അലക്സന്ത്ര്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള മോർ അത്താനാസിയോസ് എന്ന ഒരു കോപ്റ്റിക് മെത്രാച്ചനെയും അയച്ചിട്ടും രമ്യമായ ആലോചനകൾക്കൊന്നും സഭാനേതൃത്വം വഴങ്ങിയില്ല. ജനാഭിലാഷം മാനിച്ച് പ. പാത്രിയർക്കീസ് ബാവാ വാഴിച്ച കടവിൽ മോർ അത്താനാസിയോസ് (സുവിശേഷ സമാജം) മോർ ഗ്രീഗോറിയോസ് മോർ ദീവന്നാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ മുടക്കിയാണ് സഭാനേതൃത്വം പ്രതികരിച്ചത്. അതിനു മുമ്പുതന്നെ അന്ത്യോഖ്യാ പ്രതിനിധി

ആയിരുന്ന മോർ അപ്രേം ആബൂദി മെത്രാച്ചനെ ഗവൺന്റിൽ സ്വാധീനിച്ച് വിസ ക്യാൻസൽ ചെയ്ത് മടക്കി അയച്ചു. ഇതൊന്നും പോരാഞ്ഞിട്ട്, സഭയിലെ 1044 പള്ളികളെയും ചേർത്ത് സഭയുടെ സമസ്താധികാരങ്ങളും കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നിവരിൽ മാത്രം നിഷിപ്തമാണെന്നു പ്രഖ്യാപിച്ചു കിട്ടുവാൻ പാത്രിയർക്കീസ് പക്ഷത്തെ മെത്രാന്മാരെയും വൈദികരെയും പ്രതികളാക്കിയും അവർക്കു പള്ളികളിൽ പ്രവേശനം തടയണം എന്നാവശ്യപ്പെട്ടും സിവിൾ വ്യവഹാരങ്ങളും ആരംഭിച്ചു.

അങ്കമാലി ഭദ്രാസനത്തിലെ പല വൈദികരെയും ശിക്ഷണ നടപടികൾക്കു വിധേയരാക്കുവാനും മറ്റും മോർ തേയോഫിലോസും മുൻകൈ എടുത്ത്, അതുവരെ നിലനിർത്തിയ സംയമനം എല്ലാം അവസാനിപ്പിച്ച് സഭാനേതൃത്വത്തിന്റെ നിലപാടുകൾ നടപ്പാക്കുവാൻ ശ്രമിച്ചു. പെരുമ്പാവൂരും, ആലുവായിലെ ഇടകാംഗങ്ങളുടെ ഇടവകാവകാശങ്ങളെ ഇല്ലായ്മ ചെയ്യുവാനും ശവസംസ്കാരം പോലും തടയുവാനും പരിശ്രമിച്ചപ്പോഴാണ് ആലുവാ സെമിനാരിയും ചാപ്പലും പോർക്കളമായത്. ഇടവകാംഗങ്ങളെയും വിശ്വാസവിരുദ്ധതയെ എതിർത്ത വൈദികരെയും നേതാക്കളെയും കുടുക്കുവാൻ നടത്തിയ അടുത്ത ശ്രമം 7.7.73 ന് അർദ്ധരാത്രിയിൽ ഷെഡിൽ കിടന്ന കാർ കത്തിച്ച സംഭവമായിരുന്നു. വിശ്വാസ സമൂഹത്തെ പുറത്താക്കുക മാത്രമല്ല, ക്രിമിനൽ കേസുകളിലുൾപ്പെടുത്തുകയുമായിരുന്നു ലക്ഷ്യം. പക്ഷെ പിന്നീട് ക്രൈബ്രാഞ്ച് അന്വേഷണം ഈ പരിശ്രമങ്ങളെ ഒക്കെ പരിഹാസ്യമാക്കി. അന്നുമുതൽ 4 പതിറ്റാണ്ടകളായി ആലുവായിൽ പ്രശ്നസങ്കീ ർണ്ണമായി തുടരുന്നു.

### എന്താണ് ഇതിലെ ആത്മിക - ധാർമ്മിക മൂല്യങ്ങൾ?

മെത്രാൻ കക്ഷിനേതൃത്വത്തിന് ആലുവാ പട്ടണമദ്ധ്യത്തിൽ വിരിഞ്ഞു കിടക്കുന്ന ഏതാനും ഏക്കർ സ്ഥലവും ഒരു പൗരാണിക സഭാകേന്ദ്രം കൈവശത്തിൽ സംരക്ഷിക്കുക എന്നതിനപ്പുറം യാതൊന്നും നേടുവാനില്ല. പൂർവിക പിതാക്കന്മാരുടെ പേരിലും കൈവശത്തിലുമുള്ള ഈസ്ഥലം ഉപയോഗിച്ച് റബ്ബർകൃഷി ചെയ്ത് ആദായം എടുക്കാം എന്നല്ലാതെ അവിടെ താമസിക്കുന്ന ഒരുവനും മനസമാധാനത്തോടെ യാതൊരു ക്രൈസ്തവ സാക്ഷ്യവും നിറവേറ്റുവാൻ സാധിക്കുകയില്ല എന്ന് വളരെ സ്പഷ്ടമാണ്. പ്രതിസന്ധികൾക്കു ശേഷം മോർ തേയോഫിലോസ് തിരുമേനി തന്നെ തന്റെ ദർശനങ്ങൾ നടപ്പാക്കിയത് ബോംബേയിലേക്കു നീങ്ങിക്കൊണ്ടാണ്. 200 ൽ പരം ഇടവക പള്ളികൾ ഉള്ള അങ്കമാലി ഭദ്രാസനത്തിൽ അഞ്ചിൽ താഴെ പള്ളികൾപോലും കൂടെയില്ലാത്ത ഒരു ആഭാസ നാടകമാണ് ഓർത്തഡോക്സ് വിഭാഗത്തിന്റെ അങ്കമാലി ഭദ്രാസന നേതൃത്വം. അദ്ദേഹം കാലം ചെയ്യുമ്പോൾ പഴയ സെമിനാരിയിൽ അടക്കണം എന്ന് അദ്ദേഹം പറഞ്ഞിരുന്നതുതന്നെ അദ്ദേഹത്തിന്റെ ആലുവായോടുള്ള വിപ്രതിപത്തിയാണ് സൂചിപ്പിച്ചത്. എന്നാൽ ചില വൈതാളികന്മാർ അദ്ദേഹത്തെ തൃക്കുന്നത്തു സെമിനാരി ചാപ്പലിന്റെ മുറ്റത്തുകൊണ്ടുപോയി കുഴിച്ചുമൂടി. പിന്നാലെ വന്ന പക്കോമിയോസും ഒക്കെ തരം കിട്ടിയപ്പോൾ പുറത്തുചാടി. എല്ലാ അതിക്രമങ്ങൾക്കും നേതൃത്വം വഹിച്ച ഒരു വൈദികൻ അവയെല്ലാം ഏറ്റുപറഞ്ഞ് അപഹാസ്യനായി സ്വയം പുറത്തായി. ഇപ്പോൾ ഭീകരരൂപിയായി അവിടെ അവശേഷിച്ചിരിക്കുന്ന ഒരു സ്ഥാനിക്ക് എന്താണ് സംഭവിക്കുവാൻ പോകുന്നതെന്നറിയുവാൻ നമുക്കു കാത്തിരിക്കാം.

എന്നാൽ പാത്രിയർക്കീസ് പക്ഷം ആകട്ടെ ഏകലക്ഷ്യത്തിൽ അന്നുമുതൽ ഇന്നുവരെയും തുടരുകയാണ്. മലങ്കര സഭയുടെയും അങ്കമാലി ഭദ്രാസനത്തിന്റെയും ആലുവായിലെ ജനങ്ങളുടെയും നിശ്ചയദാർഢ്യം ചില ആത്മിക-ധാർമ്മിക മൂല്യങ്ങളിൽ ഊന്നിനിന്നാണ്.

1. ആലുവാ തൃക്കുന്നത്തു സെമിനാരിയും ചാപ്പലും അതിന്റെ സ്ഥാപന ഉദ്ദേശ്യത്തിൽ തന്നെ നിലനിൽക്കണം.
2. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായെ സഭാ തലവനായി സ്വീകരിച്ച് ആദരിക്കുന്ന ഒരു നേതൃത്വം അവിടെ വരണം.
3. ആലുവാ സെമിനാരി ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന മൂന്നു തിരുമേനിമാരുടെ ജീവിത കാലത്ത് അവർ വിശ്വസിച്ച് ജീവിച്ചനുഷ്ഠിച്ചുപോന്ന സഭാക്രമവും അധികാര ശ്രേണിയും നിലനിർത്തി അവരുടെ കബറിടത്തിലും ചാപ്പലിലും ആരാധനകൾ നടക്കണം.
4. സെമിനാരി ചാപ്പൽ ഇടവകാംഗങ്ങൾക്ക് സ്ഥാപനകാലം മുതൽ അവർ അനുഭവിച്ചുപോന്ന പൈതൃകവും ആരാധന യും തുടർന്നും നടത്തിക്കിട്ടണം.
5. തൃക്കുന്നത്തു സെമിനാരിയും സ്വത്തും അങ്കമാലി ഭദ്രാസനത്തിനു വേണ്ടി ഭദ്രാസനത്തിലെ പള്ളികളുടെയും ജനങ്ങളുടെയും ഓഹരിയിൽ പടുത്തുയർത്തിയതാണെന്ന സത്യം പ്രഖ്യാപിക്കപ്പെടണം.
6. 1964 ലെ സമാധാന വ്യവസ്ഥയിൽ പിന്നീട് വാഴിക്കപ്പെട്ട മെത്രാപ്പോലീത്താ 1967 മുതൽ 73 വരെ മാത്രം അധികാരം നിലനിർത്തിയ സ്ഥലമാണിത്.
7. മേൽ വ്യവസ്ഥയിൽ നിന്നും പിൻമാറിയ കാതോലിക്കാ പക്ഷം അവിടെ നിന്നും പിൻവാങ്ങി പഴയ വ്യവസ്ഥ തുടരുവാൻ ക്രമീകരിക്കേണ്ടത് ധാർമ്മികത മാത്രമാണ്.
8. മരണാനന്തരാവസ്തയിൽ ഈ ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയുവാൻ പുണ്യാത്മാക്കൾക്കു കഴിയും എന്നു വിശ്വസിക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്കു സ്വതന്ത്ര സഭയും അന്ത്യോഖ്യാ വിരുദ്ധതയുമായി ആ കബറിടങ്ങളിൽ പോയിനിൽക്കുന്നത് എങ്ങനെ ആത്മികമായി ന്യായീകരിക്കുവാൻ കഴിയും?
9. ആലുവായിലെ വലിയ തിരുമേനിയുടെ ആത്മിക പൈതൃകം പിൻതുടരുന്നവർക്കു ആ ചൈതന്യത്തിൽ അവിടെ പ്രാർത്ഥിക്കുവാൻ അവസരം ഉണ്ടാക്കുന്നത് ആത്മിക-ധാർമ്മിക വിഷയമായി കാണണം.

### ശ്രേഷ്ഠ ബാവായുടെ പ്രവേശനം

മേൽപ്പറഞ്ഞ നിഗമനങ്ങളുടെ പശ്ചാത്തലത്തിൽ വേണം ശ്രേഷ്ഠ ബാവാ തിരുമേനി നാല് പതിറ്റാണ്ടുകളായി ആലുവാ സെമിനാരി ചാപ്പലിലും കബറിടത്തിലും പ്രവേശനം ആവശ്യപ്പെടുന്നതിന്റെ സാഗത്യം മനസ്സിലാക്കുവാൻ അവിടെ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാർ യാക്കോബായ സഭാഗങ്ങൾക്ക് ജീവശ്വാസം പോലെയാണ്. അവിടെ ആരാധനാ സ്വാതന്ത്ര്യം കിട്ടിയില്ലെങ്കിൽ ആത്മത്യാഗം സഹിക്കുന്നതിനു തുല്യമായിരിക്കും. ഈ യാഥാർത്ഥ്യം ബഹുമാനപ്പെട്ട ഗവൺമെന്റും ജില്ലാധികാരികളും കോടതികളും സമൂഹവും മനസ്സിലാക്കണം. മെത്രാൻ കക്ഷി വിഭാഗം മനസ്സിലാക്കേണ്ടത്, അവരുടെ ഗീവർഗീസ് ദ്വിതീയൻ ബാവായുടെയൊ പാമ്പാടി തിരുമേനിയുടെയൊ കബറിടങ്ങളിലും പള്ളിയിലും പ്രവേശന- പ്രാർത്ഥനാ സൗകര്യം ആലുവായിലെ പോലെ അടഞ്ഞു കിടന്നാൽ എന്തായിരിക്കും പ്രതികരണം എന്നാണ്! മലയാള മനോരമയും ഈ സത്യം മനസ്സിലാക്ക

ണം. 40 ൽ പരം വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഈ ചാപ്പൽ പൂട്ടിയിട്ടിട്ടും യാക്കോബായ സഭയടെ തീക്ഷ്ണത കൂടുകയല്ലാതെ കുറഞ്ഞിട്ടില്ല. എന്നാൽ പ്രാർത്ഥിക്കുവാൻ തുറന്നപ്പോൾ പോലും കബറിടമുറിയിൽ പ്രവേശിക്കുവാൻ പോലും കാതോലിക്കാ പക്ഷത്തിനു താല്പര്യമില്ലായിരുന്നു. പകരം മുറ്റത്തുള്ള തെയോഫിലോസ് തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിച്ചു പിരിയാനായിരുന്നു അവർക്കു താല്പര്യം. മാത്രമല്ല, ഓരോ വർഷവും പ്രാർത്ഥനയ്ക്കായി തുറക്കാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് കാതോലിക്കാ പക്ഷം ഉന്നയിക്കുന്നത്. ഏതാനും വർഷങ്ങളായി ഓർമ്മപ്പെരുന്നാളിൽ കബറിടം പ്രാർത്ഥനയ്ക്കായി തുറക്കുന്നതിനെതിരെ എത്രയും ശക്തമായ നിലപാടാണവർക്കുള്ളത്. നാല്പതു വർഷമായി പൂട്ടപ്പെട്ടു കിടക്കുന്ന ഒരു പള്ളിയും കബറിടസ്ഥലവും യാതൊരു അറ്റകുറ്റ പണിയും ചെയ്യേണ്ടതില്ലെന്നും ആണ് അവരുടെ നിലപാട്. മനോരമ പള്ളിയുടെ മുൻവാതിലിന്റെ ആധുനികാവസ്ഥ കാണിക്കുന്ന ഒരു ചിത്രം പ്രസിദ്ധീകരിച്ചിരുന്നു. ഒരു ജില്ലാധികാരി നോക്കി നിൽക്കെ ഒരുദ്യോഗസ്ഥൻ ദ്രവിച്ചുപോയ വാതിൽ ഭാഗത്തു കൂടി അകത്തേക്കു കയറുന്നു. ഈ പള്ളിയാണ് – പൂട്ട് കുത്തിത്തുറന്ന് ശ്രേഷ്ഠ ബാവായും സംഘവും കയറി എന്ന് മനോരമ കരയുന്നത്. നായയും നരിച്ചീറും ഒക്കെ കയറി വാവലും പ്രാവും കാഷ്ടിച്ച് നശിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ പുണ്യപ്രദേശത്ത് പ്രാർത്ഥിക്കുവാൻ വിശ്വാസികളെ അനുവദിക്കില്ല എന്നു വാശിപിടിക്കുന്ന കാതോലിക്കാ പക്ഷത്തിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്. ഈ ദേവാലയവും കബറിടവും ജീർണ്ണിച്ച് നശിച്ച് ഇല്ലാതാവണം എന്ന ചിന്തയിൽ നിന്നാണ് ഈ രാക്ഷസ ഭാവം ഉണ്ടാകുന്നത്. ഇങ്ങനെ ഇവർ പല സ്ഥലങ്ങളിലായി അനേകം വിശുദ്ധാലയങ്ങൾ നശീകരണത്തിനു വിട്ടുകൊടുത്തിട്ടുണ്ട്. ഇനിയും അനേകം സ്ഥലങ്ങളിൽ ആരാധന മുടക്കുവാൻ പള്ളികളെ കീഴ്പ്പെടുത്തുവാൻ കേസുമായി ഓങ്ങി നിൽപുണ്ട്. പൗലോസ് ബാവായും പോളിക്കാർപ്പോസ് തിരുമേനിയും അഹമ്മദബാദിലെ യൂലിയോസും കോന്നാട്ടച്ചൻ എന്നു ആക്രോശ വിശാരദനും ഒക്കെ ഈ നശീകരണ ഭാവം വെടിഞ്ഞ് അനുരഞ്ജന ഭാവം ഉൾക്കൊള്ളണം എന്നാണ് എന്റെ അപേക്ഷ. തൃക്കുന്നത്തു സെമിനാരി പൂട്ടിയ വർഷം ജനിച്ചവർക്ക് 40 വയസ്സായി. ഇനിയും വർഷങ്ങൾ മുന്നോട്ടുപോയാലും ആ പള്ളിയിലും കബറിടത്തിലും പ്രാർത്ഥിക്കുവാനുള്ള ആവേശം കെട്ടടങ്ങുകില്ല. യാക്കോബായക്കാർക്ക് അവിടെ പ്രാർത്ഥിക്കുവാൻ പോലീസ് സംരക്ഷണം ആവശ്യമില്ല. പോലീസ് ഇടപെടാതിരുന്നാൽ മാത്രം മതി. മേൽപറഞ്ഞവർക്കു പോലീസ് സംരക്ഷണം ഇല്ലാതെ പള്ളിയുടെ ഗെയ്റ്റു തുറക്കുവാൻ പോലും ശക്തിയില്ലാത്ത വണ്ണം ബലഹീനരാണ്. അവർക്കു പള്ളി അടപ്പിക്കുവാനുള്ള ശക്തിമാത്രമെ ഉള്ളൂ. പ്രതിഷേധിക്കുവാൻ വൈദിക വിദ്യാർത്ഥികളെ വണ്ടിയിൽ കൊണ്ടു വന്നിറക്കണം. ഈ നാണക്കേട് തിരിച്ചറിയാതിരിക്കുന്ന വിധം കിളിർത്തു വളർന്നു നിൽക്കുന്ന ആൽമരത്തിന്റെ തണലിലാണ് കാതോലിക്കാ പക്ഷം നിൽക്കുന്നതെന്നു സമൂഹം തിരിച്ചറിയണം. ഞാൻ ഇതെഴുതുമ്പോൾ എന്റെ മുന്നിലിരിക്കുന്ന ടെലിവിഷനിൽ മാതൃഭൂമി ചാനലിലെ ധീം തരികിടതോം എന്ന പരിപാടി നടക്കുകയായിരുന്നു. ഇരു സഭാ തലവന്മാരെയും സഭയെയും അവിടെ ബഫൂണുകളായി അതിൽ അവതരിപ്പിച്ച വ്യക്തിയെയും അതിനുള്ള കവിത മുമ്പു തന്നെ എഴുതിയ ഫലിത കവി ചെമ്മനം ചാക്കോയെയും ആരും വിമർശിച്ചിട്ടു കാര്യമില്ല. ആത്മ വിമർശനപരമായി ചിന്തിച്ച് രമ്യ പരിഹാരത്തിനായി തയ്യാറാകുവാൻ കഴിയുമൊ എന്നാണ് എന്റെ ചോദ്യം. ഈ വഴക്കിൽ ഒരു 40 വർഷം കൂടി സഹിക്കുവാൻ ആലുവാ പള്ളിയ്ക്കൊ അവിടെ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരെ ആദരിക്കുന്നവർക്കൊ സാധിക്കും എന്നു തോന്നുന്നില്ല. കോടതി വഴി ഉത്തരവും ആയി വന്ന് എല്ലാം ഇപ്പം ശരിയാക്കാം എന്ന് 1974 ഔഗേൻ ബാവായും വട്ടക്കുന്നേൽ ബാവായും മുതൽ ഇപ്പോഴത്തെ പൗലോസ് ബാവാ വരെ സ്വപ്നം കണ്ടവരാണ്. സാമാന്യബുദ്ധി ഉണ്ടെങ്കിൽ ചിന്തിച്ചു നോക്ക്! എന്തു നേടി? സമൂഹത്തിൽ അവശേഷിപ്പിച്ച അനാത്മികതയുടെ ദുർഗന്ധം തലനിവർത്തി പിടിക്കുവാൻ പാടില്ലാത്തതാക്കിത്തീർന്നു. ഈ നാണക്കേട് കളർപടത്തിൽ അച്ചടിച്ചു നിരത്തുന്ന മനോരമയും ചാനലുകളും ക്രൈസ്തവ ദർശനങ്ങളുടെ ശവക്കുഴി ആണ് തോണ്ടുന്നത് എന്ന് തിരിച്ചറിയണം. തോമസ് പ്രഥമൻ ബാവാ രാത്രിയിൽ അതിക്രമിച്ചു കടന്നു എന്നു പറയുമ്പോൾ അദ്ദേഹം പള്ളി മുതൽ മോഷ്ടിക്കുവാൻ കയറിയതല്ല എന്നു ലോകത്തിനു മുഴുവൻ അറിയാം. അദ്ദേഹത്തിന്റെ മുൻഗാമികളുടെ കബറിങ്കൽ പ്രാർത്ഥന അർപ്പിക്കുവാൻ അവിടെ കയറും എന്ന് 40 വർഷമായി പറയുന്നതാണ്. അതിനെതിരായി ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും കാതോലിക്കാ കക്ഷി കൊടുത്ത കേസ് തള്ളിപ്പോയി എന്ന് മംഗളം ലേഖകനുപോലും അറിയാവുന്ന ഒരു സത്യം ആണ്. യറുശലേമിലെ മർക്കോസിന്റെ മാളികയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ പൗലോസ് ബാവായ്ക്കും ആ വിഭാഗത്തിൽപ്പെട്ടവർക്കും ലഭിച്ച അനുഭാവംപോലെ ഇവിടെ ഈ പിതാക്കന്മാരുടെ കബറിടത്തിൽ അനുവദിക്കില്ല എന്നു പറയുന്ന ധാർഷ്ട്യവും അഹങ്കാരവും ഒരു സഭാതലവനും കൂട്ടാളികൾക്കും ഭൂഷണമാണോ? സ്വത്തും അവകാശതർക്കവും ഒക്കെ അവിടെ കിടക്കട്ടെ, ഇരു ഭാഗത്തിനും ആരാധന നടത്തുവാനും പള്ളി കെട്ടിടം സംരക്ഷിക്കുവാനുമുള്ള ഒരു അനുരഞ്ജന ഉടമ്പടി ഉണ്ടാക്കുവാൻ പൗലോസ് ബാവാ തയ്യാറാകണം എന്നാണ് ദൈവനാമത്തിൽ എനിക്കപേക്ഷിക്കുവാനുള്ളത്. ഇതിനു ബാവാ തയ്യാറായില്ലെങ്കിൽ ഇന്നല്ലെങ്കിൽ കർത്തൃസിംഹാസന സന്നിധിയിൽ ഈ പൗലോസ് ബാവാ കൈയ്യും കെട്ടി നിന്നു മറുപടി പറയേണ്ടിവരും. മലങ്കരയിൽ ഈ പിതാക്കന്മാരുടെ കബറിടം അല്ലാതെ വേറെ ഒരു സ്ഥലത്തും ഇങ്ങനെ അനാദരവ് നടക്കുന്നില്ല എന്നും ദയവായി തിരിച്ചറിയണം. ഇവരുടെ ശാപം വ്യക്തിപരമായി ഓരോരുത്തർക്കും ലഭിക്കും എന്നും ഓർക്കണം. എത്രയൊ പള്ളികളിൽ തവണവച്ച് മാർത്തോമാക്കാരുമായി പോലും പള്ളിയും സൗകര്യങ്ങളും പങ്കിടുന്നുണ്ട്. എന്നിട്ടാണ് ഈ ആക്ഷേപ പരിപാടികൾ തുടരുന്നത്. മലങ്കര സഭയിൽ തന്നെ എത്രയോ പള്ളികൾ പങ്കിട്ടും തവണ വച്ചും സമാധാനമായി ക്രമീകരിച്ചിട്ടുണ്ട്. എന്തുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിച്ചുകൂടാ?

ആത്മിക സാക്ഷ്യവും സാമൂഹിക പ്രസക്തിയും നഷ്ടപ്പെടുത്തുന്ന ഈ വഴക്കുകൾ നമുക്ക് അവസാനിപ്പിക്കാം. അനുഭാവ പൂർവ്വം ഇരുപക്ഷ നേതൃത്വങ്ങളിലും സ്വാധീനിക്കുവാൻ കഴിയുന്നവർക്കു അതിനു സാധിക്കട്ടെ.